**പതിമൂന്നാം കേരള നിയമസഭ**
**പന്ത്രണ്ടാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. **1881** 08.12.2014-ൽ മറുപടിയ്ക്ക്

**പുനലൂർ റിഹാബിലിറ്റേഷൻ പ്ലാന്റേഷനിലെ പട്ടികജാതി വിഭാഗത്തിൽപ്പെട്ട സിലോൺകാരുടെ ജാതി സർട്ടിഫിക്കറ്റ്**

| ചോദ്യം: | | ഉത്തരം: | |
|---|---|---|---|
| ശ്രീ.കെ.രാജു | | ശ്രീ.ഉമ്മൻചാണ്ടി<br>മുഖ്യമന്ത്രി | |
| (എ) | പുനലൂർ നിയോജക മണ്ഡലത്തിൽ ഉൾപ്പെട്ട റിഹാബിലിറ്റേഷൻ പ്ലാന്റേഷൻ എന്ന സ്ഥാപനത്തിൽ പുനരധിവസിക്കപ്പെട്ട പട്ടികജാതി വിഭാഗത്തിൽപ്പെട്ട സിലോൺകാർ, ജാതി സർട്ടിഫിക്കറ്റ് ലഭിക്കാതെ ബുദ്ധിമുട്ടുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ)<br>(ബി)<br>(സി)<br>&<br>(ഡി) | ഇന്ത്യാ-ശ്രീലങ്ക ഉഭയകക്ഷി കരാറുകൾ (1964-ലെ സിരിമാവോ-ശാസ്ത്രി കരാർ, 1974-ലെ സിരിമാവോ-ഇന്ദിരാഗാന്ധി കരാർ) പ്രകാരം ശ്രീലങ്കയിൽ നിന്നും കേരളത്തിൽ പുന:രധിവസിപ്പിക്കപ്പെട്ട ഇന്ത്യൻ വംശജർക്ക്, അവരുടെ ഫാമിലി കാർഡുകളിൽ ഇന്ത്യൻ ഹൈക്കമ്മീഷണർ നടത്തിയിട്ടുള്ള രേഖപ്പെടുത്തലുകളുടെ അടിസ്ഥാനത്തിൽ സമുദായ സാക്ഷ്യപത്രം അനുവദിക്കുവാൻ 17.07.14-ലെ സ.ഉ.(കൈ) നം.43/14/പജ.പവ.വി.വ പ്രകാരം ഉത്തരവായിട്ടുള്ളതാണ്. |
| (ബി) | എങ്കിൽ ആയത് പരിഹരിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ; | | |
| (സി) | ഇതുമായി ബന്ധപ്പെട്ട് ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ടോ ; | | |
| (ഡി) | പ്രസ്തുത വിഷയം പരിഹരിക്കുന്നതിന് ബന്ധപ്പെട്ട മന്ത്രിമാരുടെയും ഉന്നത ഉദ്യോഗസ്ഥരുടേയും ഒരു യോഗം വിളിക്കുന്നതിന് ബഹു:മുഖ്യമന്ത്രി നടപടി സ്വീകരിക്കുമോ ? | | |

സെക്ഷൻ ഓഫീസർ